Reg. No. : ....................................

Name : ..........................................

**FY-317**

**FIRST YEAR HIGHER SECONDARY MODEL EXAMINATION – 2021**

Part – III

Time : $2\frac{1}{2}$ Hours

Cool-off time : 20 Minutes

**മലയാളം**

**(ഐച്ഛികം)**

**MALAYALAM**

**(Optional)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉചിതമായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം. (3 × 2 = 6)**

1. ഇരട്ടമൊഴിത്തം വളരെ സ്ഫുടമായി നിലനിർത്തുന്ന രണ്ടു ഭാഷകൾ ഏതെല്ലാമെന്ന് കണ്ടെത്തുക.

    - മലയാളം
    - തമിഴ്
    - ഇംഗ്ലീഷ്
    - അറബി

2. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട രണ്ട് ഭാഷാപ്രയോഗങ്ങൾ താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് കണ്ടെത്തി എഴുതുക.

- കൂലം കുത്തി പാഞ്ഞുവരുക.
- സൂചിക്കുചവിട്ടുക.
- ഏഴരനാഴികയിരുട്ടുക.
- വിളവെടുപ്പ് നടത്തുക.

3. "നിന്നെ ഈ പണിക്കു കൊള്ളില്ല" എന്ന് മേസ്തിരി പണിക്കാരനോട് പറഞ്ഞതിന് രണ്ടു കാരണങ്ങൾ എഴുതുക.

- കിളിയോട് വർത്തമാനം പറയുന്നത്.
- ചുറ്റികക്കു പകരം തൂമ്പാ കൊണ്ടുവരുന്നത്.
- പണിചെയ്യാതെ ഉറങ്ങുന്നത്.
- ചാന്തിനു പകരം ചുടുകട്ട കൊണ്ടു വരുന്നത്.

4. സമാനാക്ഷരം എന്ന ഗണത്തിൽ ഉൾപ്പെടുന്ന അക്ഷരങ്ങൾ ഏതെല്ലാമെന്ന് തിരഞ്ഞെടുത്തെഴുതുക.

- അ, ആ, ഇ, ഈ
- ക, ഖ, ഗ, ഘ, ങ
- ഉ, ഊ, ഋ, ഞ
- ക, ച, ട, ത, പ

5. മ്യാൻമറിലെ 'ബില്ലിൻ' പട്ടണത്തിലേക്കു പോകുന്ന ലേഖകൻ കാണുന്ന വഴിയോരക്കാഴ്ചകൾ ഏതെല്ലാമെന്ന് കണ്ടെത്തി എഴുതുക.

- ചെനിയാൻ ബ്രിഡ്ജ്
- ഇൻലേ തടാകം
- മാൻഡലെ കൊട്ടാരം
- ക്വായ്ക്തോ നദി

6. കുഞ്ചുവമ്മാവന്റെ ജീവിതസായാഹ്നം പ്രകാശവത്തായിരുന്നു എന്നു വ്യക്തമാക്കുന്ന രണ്ടു സൂചനകൾ തിരഞ്ഞെടുത്തെഴുതുക.

- കുഞ്ഞിക്കാവമ്മയെ വിവാഹം ചെയ്തത്.
- കുഞ്ഞിക്കാവമ്മയുമായുള്ള സൗഹൃദം.
- ആനക്കാരനെന്ന നിലയിൽ പ്രശസ്തിനേടിയത്.
- ആവശ്യങ്ങളന്വേഷിക്കാൻ മക്കളുണ്ടായിരുന്നത്.

**7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 1-2 വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം.** **$(4 \times 2 = 8)$**

7. 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയുടെ അന്ത്യത്തിൽ ബുദ്ധൻ ചെയ്യുന്ന സൽപ്രവൃത്തിയെന്ത് ?

8. "കുരുന്നേന്ന് പഠിച്ചാൽ പോരാ, കുരുത്തം വേണം".

(ചവിട്ടുകളിപ്പാട്ട്)

– എന്നു പറയുന്നതിന്റെ അർത്ഥം വ്യക്തമാക്കുക.

9. ബംഗാളികളുടെയും കന്നഡക്കാരുടെയും തമിഴരുടെയും ശക്തമായ ഭാഷാഭിമാനത്തിനു പിന്നിലുള്ള വസ്തുതകൾ എന്തെല്ലാമാണ് ?

10. ആശയത്തെ അനുഭൂതിയാക്കാനായി, ശ്രീ ജോസഫ് മുണ്ടശ്ശേരി നിർദ്ദേശിക്കുന്ന ഉപാധിയെന്ത് ?

11. അമ്മയെ സ്നേഹപൂർവ്വം മകൾ കുളിപ്പിക്കുമ്പോൾ അമ്മയിലുണ്ടാകുന്ന മാറ്റം കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

12. തണുപ്പുകാലത്ത് ചെറുപ്പക്കാരന്റെ കിടപ്പുമുറിയിൽ അകപ്പെട്ട പക്ഷിക്ക് സംഭവിച്ച ദുരന്തമെന്തായിരുന്നു ?

13. ഉപന്യാസത്തിൽ ആശയസ്ഫുടതക്കുള്ള പ്രാധാന്യമെന്ത് ?

14. കണ്ണാടിയിൽ മുഖം നോക്കുമ്പോൾ 'മുഖമില്ലായ്മ' എന്ന അവസ്ഥ കവി അനുഭവിക്കുന്നതെങ്ങനെ ?

**15 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം. (5 × 4 = 20)**

15. എം. മുകുന്ദൻ കാലഘട്ടത്തിന്റെ സദാചാര ചരിത്രമെഴുതുകയായിരുന്നു എന്നു പറയാൻ കാരണമെന്ത് ?

16. കുട്ടനാട്ടിലെ ജനങ്ങളുടെ വേഷവിധാനത്തിലുണ്ടായ മാറ്റം അവരുടെ ജീവിതത്തിൽ പ്രതിഫലിച്ചതെങ്ങനെ ?

17. "മോതിരം" എന്ന കഥയിൽ കാണാതായ മോതിരത്തെ കുറിച്ച് കുഞ്ചുനായരുടെ ബന്ധുക്കളുടെ സംശയമെന്താണ് ?

18. വരമൊഴിയിൽ നിന്ന് പലതും വാമൊഴിയിലേക്കു സംക്രമിക്കുന്നതിനെ പറ്റി എൻ.പി. മുഹമ്മദിന്റെ പരാതിയെന്ത് ?

19. കോഴിപ്പങ്ക് എന്ന കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന സ്വാർത്ഥമനോഭാവത്തെ കുറിച്ച് കുറിപ്പെഴുതുക.

20. പാവം മാനവഹൃദയം എന്ന കവിതയിൽ പ്രത്യാശയെ സൂചിപ്പിക്കാൻ കവയിത്രി നിരത്തുന്ന കൽപ്പനകൾ ചൂണ്ടിക്കാട്ടുക.

21. 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിൽ മാതൃത്വത്തിന്റെ പ്രതീകമായി പെണ്ണാടിനെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

22. 'പക്ഷിയുടെ മണം' എന്ന കഥയിൽ 'Dying' എന്ന വാക്കു സൃഷ്ടിക്കുന്ന വ്യത്യസ്ത അർത്ഥ തലങ്ങളെ കുറിച്ച് കുറിപ്പു തയ്യാറാക്കുക.

23. യുദ്ധാനന്തര ബർമ്മയുടെ ദുരവസ്ഥകൾ മാറി മ്യാൻമറിന്റെ മുഖം പ്രസന്നമാകുന്നത് യു.എ. ഖാദർ അവതരിപ്പിക്കന്നതെങ്ങനെ ?

24. യൂറോപ്യൻ ഭാഷകൾ അഭ്യസിക്കുന്നതിൽ നമുക്കു ചില അസൗകര്യങ്ങൾ നേരിടാറുണ്ട് എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ട് ? വ്യക്തമാക്കുക.

**25 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം. (5 × 6 = 30)**

25. സ്വച്ഛസ്മൃതി എന്നാലെന്ത് ? 'സ്മൃതിപഥം' എന്ന പാഠഭാഗത്തിലെ ഐതിഹ്യകഥയെ ആസ്പദമാക്കി വിശദമാക്കുക.

26. കഥകളിത്തല, വൈറ്റ്ഹൗസ് എന്നീ സംജ്ഞകൾ 'അമേരിക്ക' എന്ന കഥയെ ധ്വന്യാത്മകമാക്കുന്നതെങ്ങനെയെന്ന് വിലയിരുത്തുക.

27. 'പക്ഷിയുടെ മണം' എന്ന കഥയിലെ ഗന്ധ-ദൃശ്യബിംബങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

28. മാനവഹൃദയത്തെ പാവം എന്ന് കവയിത്രി വിശേഷിപ്പിക്കുന്നത് എന്തു കൊണ്ടെന്ന് കവിത വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

29. വാമൊഴിയിൽ വരമൊഴി കലർത്തുന്നവരോട് സമൂഹത്തിന്റെ സമീപനമെന്തെന്ന് 'മാറുന്ന മലയാള സംസാര ഭാഷ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

30. സംവൃതോകാരത്തിന് ഭാഷയിലുള്ള പ്രാധാന്യം എന്തെന്ന് വ്യക്തമാക്കുക.

DITTO WS

31. കുട്ടനാട്ടിൽ വന്നുചേർന്ന ആധുനിക പരിവർത്തനങ്ങളോടുള്ള തകഴിയുടെ സമീപനം വിശകലനം ചെയ്യുക.

32. "ഒരട്ടി മണ്ണു പുതച്ചു കിടപ്പൂ

വീടാക്കടമേ മമ ജന്മം" – ഈ വരികളിൽ വ്യക്തമാകുന്ന ഭാവതലമെന്ത് ?

33. "പ്രതിനായകൻ ശക്തനാകുമ്പോഴാണ് നായകനും

ശക്തനാകുന്നത്." (മലയാളിയുടെ രാത്രികൾ)

– മഹാബലിയുടെ കഥയുടെ അടിസ്ഥാനത്തിൽ പ്രസ്താവന ശരിയോ എന്ന പരിശോധിക്കുക.

34. മ്യാൻമർ സന്ദർശിക്കുന്ന ഒരു സാധാരണ സഞ്ചാരിയുടെ മാനസികാവസ്ഥയാണോ യു. എ. ഖാദർ എന്ന ലേഖകനിൽ കാണുന്നതെന്ന് "മാതൃസന്നിധാനത്തിൽ" എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

**35 മുതൽ 38 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** **(2 × 8 = 16)**

35. അഹിംസ, സഹജീവിസ്നേഹം എന്നീ ബുദ്ധ ദർശനങ്ങൾ "ബിംബിസാരന്റെ ഇടയൻ" എന്ന കവിതയിൽ കവി ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ? വിശദമാക്കുക.

36. 'മോതിരം' എന്ന കഥ ആത്മീയപ്രണയത്തിന്റെ മുദ്രയാകുന്നതെങ്ങനെയെന്ന് കഥാസന്ദർഭങ്ങളെ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

37. നടപ്പുസംഭാഷണഭാഷയുടെ പ്രശ്നങ്ങൾ എന്തെല്ലാം ? 'മാറുന്ന മലയാള സംസാര ഭാഷ' എന്ന പാഠഭാഗം അടിസ്ഥാനമാക്കി വിശദമാക്കുക.

38. കുട്ടനാട്ടിൽ വന്ന മാറ്റങ്ങളെ തകഴി അവതരിപ്പിച്ചിരിക്കുന്നതു പോലെ നമ്മുടെ നാടും സമൂഹവും ധാരാളം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ള സാമൂഹികമാറ്റങ്ങളെ കുറിച്ചും അവയുടെ ഗുണദോഷങ്ങളെ കുറിച്ചും ഉപന്യാസം തയ്യാറാക്കുക.

---